**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4052** **03-03-2023 - ൽ മറുപടിയ്ക്ക്**

**ആയുർവേദത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ തടയുന്നതിന് ആയുർവേദത്തിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ തടയുന്നതിന് ആയുർവേദത്തിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ആയുഷ് വകുപ്പിന്റെ കീഴിലുള്ള ഭാരതീയ ചികിത്സാ വകുപ്പും, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും, ദേശീയ ആയുഷ് മിഷനും സ്വീകരിച്ച വരുന്ന നടപടികൾ അനുബന്ധം 1-ആയി ചേർക്കുന്നു |
| (ബി) | ആയുർവേദത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സ്കൂൾ തലം മുതൽ ബോധവത്കരണം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ആയുർവേദത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സ്കൂൾ തലം മുതൽ ബോധവത്കരണം നടത്തുന്നതിനായി ആയുഷ് വകുപ്പിന്റെ കീഴിലുള്ള ഭാരതീയ ചികിത്സാ വകുപ്പും, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും, ദേശീയ ആയുഷ് മിഷനും സ്വീകരിച്ച വരുന്ന നടപടികൾ അനുബന്ധം 2-ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം- 1**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ ജീവിത ശൈലി രോഗ നിർണ്ണയത്തിനും ചികിത്സക്കും ദ്രവ്യഗുണ വിഭാഗം ഒ.പി.യിൽ നിരന്തരമായ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഗവേഷണാധിഷ്ഠിതമായും അല്ലാതെയും ആയുർവേദ മരുന്നുകൾ നൽകി വരുന്നു. ഈ ചികിത്സ പത്രമാധ്യമങ്ങൾ വഴിയും, ഒ.പി. യിൽ പരസ്യപ്പെടുത്തിയും പൊതുജനങ്ങളെ അറിയിക്കുന്നു. ജീവിതശൈലി രോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സ തിങ്കൾ മുതൽ ശനി വരെ കായചികിത്സാ വിഭാഗം ഒ.പി.യിൽ നൽകി വരുന്നുണ്ട്. അതിനു പുറമെ ജീവിതശൈലി രോഗങ്ങളിൽ പ്രധാനപ്പെട്ടതായ പ്രമേഹത്തിന് വ്യാഴാഴ്ച്ചകളിൽ ഒരു മണി മുതൽ മൂന്ന് മണി വരെ "അമൃതം" സ്പെഷ്യൽ ഒ.പി.യും ഹൃദ്രോഗത്തിന് റിസ്ക് ഫാക്ടേഴ്സ് ആയ Dyslipidemia (രക്തത്തിലെ അമിതമായ കൊഴുപ്പ്) Hypertension (അമിത രക്തസമ്മർദം) തുടങ്ങിയവക്ക് എല്ലാ ചൊവ്വാഴ്ച്ചകളിലും ഒരു മണി മുതൽ മൂന്ന് മണി വരെ "ഹൃദ്യം" സ്പെഷ്യൽ ഒ.പി. യും കായചികിത്സ വിഭാഗത്തോടനുബന്ധിച്ച് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ഹോസ്പിറ്റലിൽ പ്രവർത്തിച്ചു വരുന്നു. സ്വസ്ഥവൃത്ത വിഭാഗത്തിൽ ജീവിതശൈലി രോഗങ്ങൾക്ക് മെഡിക്കൽ ക്യാമ്പുകളും പ്രിവന്റീവ് ഒ.പി.യും നടത്തി വരുന്നു. കൂടാതെ പ്രമേഹം, രക്താതിസമ്മർദം, അമിത വണ്ണം, മാനസിക പിരിമുറുക്കം എന്നിവയ്ക്ക് യോഗ ചികിത്സയും ആരോഗ്യ ബോധവത്കരണവും നൽകി വരുന്നുണ്ട്. കണ്ണൂർ ഗവ. ആയുർവേദ കോളേജ് ആശുപത്രിയിൽ സ്വസ്ഥവൃത്ത വകുപ്പിന്റെ കീഴിൽ ജീവിതശൈലി രോഗങ്ങൾക്ക് തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ പ്രത്യേകമായി ഒ.പി. പ്രവർത്തിച്ചു വരുന്നുണ്ട്. ഇവിടെ കിടപ്പു രോഗികൾക്കും ഒ.പി. യിൽ വരുന്നവർക്കും പ്രത്യേകമായി യോഗ പരിശീലനവും നൽകുന്നുണ്ട്. ഇതു കൂടാതെ വിവിധ ക്ലബുകളുടേയും വായനശാലകളുടേയും നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും നടത്തുകയും ഇതിൽ ജീവിതശൈലി രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നൽകുകയും ചെയ്യാറുണ്ട്. തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രിയിലെ സ്വസ്ഥവൃത്ത വകുപ്പിൽ അമിതവണ്ണം, പ്രമേഹം മുതലായ ജീവിത ശൈലി രോഗങ്ങൾ വരാതിയിരിക്കുവാനും ഉള്ളത് നിയന്ത്രിക്കാവാനും വേണ്ട യോഗ, ഡയറ്റ്, നാച്ചുറോപ്പതി എന്നിവ നിർദ്ദേശിച്ചു വരുന്നു. പ്രമേഹജന്യ നേത്ര രോഗത്തിന് ജ്യോതിർഗമയ എന്ന പ്രത്യേക ഒ.പി. ചികിത്സാ നടത്തപ്പെടുന്നു. കായചികിത്സയുടെ കീഴിൽ പ്രമേഹം, രക്തസമ്മർദ്ധം എന്നീ ജീവിതശൈലി രോഗങ്ങൾക്ക് സ്പെഷ്യൽ ഒ.പി. നടത്തി വരുന്നു. കൂടാതെ ആശുപത്രിയിൽ നിന്നും നടത്തി വരുന്ന മെഡിക്കൽ ക്യാമ്പുകളിൽ ഇതിനുള്ള ബോധവൽക്കരണ ക്ലാസ്സുകളും നൽകി വരുന്നു. വർദ്ധിച്ചു വരുന്ന ജീവിതശൈലി രോഗങ്ങളെ തടയുന്നതിന് ആയുർവേദത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുവാൻ നാഷണൽ ആയുഷ് മിഷൻ ആവിഷ്കരിച്ച വെൽനസ് സെന്ററുകൾക്ക് കീഴിൽ വിവിധ ആയുർവേദ ചികിത്സകൾ കോട്ടക്കൽ പി.എസ്. വാര്യർ ആയുർവേദ കോളേജ് നടത്തുന്നുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ ജീവിതശൈലി രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി പ്രമേഹ രോഗ നിയന്ത്രണത്തിനായി ജീവനി, ജീവിതചര്യ മെച്ചപ്പെടുത്തുവാനായി യോഗ എന്നീ പദ്ധതികൾ നടത്തി വരുന്നുണ്ട്. യോഗ പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ട്. 2013-14 സാമ്പത്തിക വർഷം മുതൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കിയിരുന്ന പ്രമേഹ രോഗ നിയന്ത്രണത്തിനായുള്ള ജീവനി പദ്ധതി 2017-18-ൽ കണ്ണൂർ ജില്ലയിലേക്കും, 2022-23 സാമ്പത്തിക വർഷം പത്തനംതിട്ട ജില്ലയിലേക്കും വ്യാപിപ്പിച്ചു.

ആയുർവേദ അധിഷ്ഠിത ജീവിത രീതികളിലേക്ക് സമൂഹത്തെ മാറ്റുന്നതിനായി നാഷണൽ ആയുഷ് മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് ആയുഷ് ഗ്രാമം. വർദ്ധിച്ചു വരുന്ന ജീവിതശൈലി രോഗങ്ങളെ തടയുന്നതിനും സമൂഹത്തിന്റെ ആരോഗ്യത്തിനും ആയുഷ് ചികിത്സാ രീതികൾ ഉപയുക്തമാക്കുകയും ആയുഷ് ചികിത്സാ രീതികളെ സമൂഹത്തിന് പരിചയപ്പെടുത്തലുമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിലെ 5 പഞ്ചായത്തുകൾ വീതം ആയുഷ് ഗ്രാമത്തിലെ ജീവനക്കാരുടെ സേവനം ഉപയോഗിച്ച് സമൂഹത്തിന്റെ ആരോഗ്യ സംരക്ഷണമാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ആയുർവേദ ബോധവൽക്കരണം പ്രധാന ലക്ഷ്യമാക്കിയുള്ള 16 ആയുഷ് ഗ്രാമം യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള 312 ആയുർവേദ സ്ഥാപനങ്ങളെ ആയുഷ് ഹെൽത്ത്& വെൽനസ് കേന്ദ്രങ്ങൾ ആക്കി ഉയർത്തുകയും ഈ സ്ഥാപനങ്ങളിൽ യോഗ പരിശീലകനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ നാഷണൽ ആയുഷ് മിഷൻ നടത്തുന്ന എല്ലാ പദ്ധതികളിലും ജീവിതശൈലി രോഗങ്ങളെ തടയുന്നതിനുള്ള ബോധവത്കരണ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

Section Officer

**അനുബന്ധം -2**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ആയുർവേദ കോളേജുകളിൽ നിന്നും ആശുപത്രികളിൽ നിന്നും സ്കൂൾ തലത്തിൽ ആയുർവേദത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ജീവിതശൈലി രോഗങ്ങൾ വരാതിരിക്കുവാൻ ബോധവത്കരണ ക്ലാസ്സുകൾ, യോഗ മെഡിക്കൽ ക്യാമ്പ് എന്നിവ നടത്താറുണ്ട്. തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ ദ്രവ്യഗുണ വിഭാഗത്തിൽ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. സ്കൂൾ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടു കൂടിയ ബോധവത്കരണ പരിപാടി സംഘടിപ്പിക്കാറുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ ആയുർവേദ പ്രചരണാർത്ഥം ആയുർവേദചര്യകൾ, ആഹാര-വിഹാരങ്ങൾ, ഔഷധസസ്യങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ബോധവത്കരണം, ആയുഷിന്റെ പ്രധാനദിനാചരണങ്ങളിലും (ദേശീയ ആയുർവേദ ദിനം, ദേശീയ യോഗദിനം, സിദ്ധാദിനം, പ്രമേഹദിനം, കാഴ്ചദിനം മുതലായവ) അല്ലാതെയും പഞ്ചായത്തുകൾ മുഖേന സ്കൂളുകളിൽ ചിത്രരചനാ മത്സരം, ക്വിസ് പ്രോഗ്രാം, ഗൃഹഔഷധികളെക്കുറിച്ചുള്ള അവബോധം ജനിപ്പിക്കുക മുതലായവയിലൂടെ നാഷണൽ ആയുഷ് മിഷനുമായി സംയോജിച്ച് ആയുഷ് ഗ്രാമം എന്ന പദ്ധതിയിലൂടെ വിദ്യാലയങ്ങളിൽ ഔഷധസസ്യത്തോട്ടം നിർമ്മാണം നടത്തി വരുന്നു. സ്കൂളുകളിൽ പോകുന്ന വിദ്യാർത്ഥികളുടെ കാഴ്ച വൈകല്യങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ച് പരിഹരിക്കുന്നതിനായുള്ള ഭാരതീയ ചികിത്സാ വകുപ്പിന്റെ സ്പെഷ്യൽ പ്രോജക്ടായ ദൃഷ്ടി പദ്ധതി കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ ആയുർവേദ ചികിത്സകളെക്കുറിച്ചും നല്ല കാഴ്ചയ്ക്കുവേണ്ടി ആയുർവേദം അനുശാസിക്കുന്ന മാർഗ്ഗങ്ങളെക്കുറിച്ചും അവബോധം നൽകുന്നു. കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് ആയുർവേദ ചികിത്സയിലൂടെ പരിചരണം നൽകുക എന്ന ഉദ്ദേശത്തോടെ 14 ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ കൗമാരഭൃത്യം പദ്ധതി നടപ്പിലാക്കി വരുന്നു. ആയുർവേദ ദിനാചരണങ്ങളിലും അല്ലാതെയും സ്കൂൾ തലത്തിൽ ബോധവത്കരണ ക്ലാസ്സുകളും ആയുർവേദ രീത്യ ഭക്ഷ്യ മേളകളിലൂടെ നല്ല ഭക്ഷണം പരിചയപ്പെടുത്തൽ എന്നിവയും നടപ്പിലാക്കുന്നുണ്ട്.

ആയുർവേദത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സ്കൂൾ തലം മുതൽ ബോധവത്കരണം നടത്തുന്നതിന് നാഷണൽ ആയുഷ് മിഷന്റെ 2022-23 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാനിൽ അംഗീകാരം ലഭിച്ച AYURVIDYA പദ്ധതി മുഖേന സ്കൂൾതല ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. ആദ്യഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ, എറണാകുളം തിരുവനന്തപുരം, ജില്ലകളിലാണ് നടപ്പിലാക്കാൻ പോകുന്നത്. ഇത് കൂടാതെ വിവിധ ദിനാചരണങ്ങളോടു അനുബന്ധിച്ച് അല്ലാതെയും സ്കൂളുകളിൽ പോയി ആയുർവേദത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നിരന്തരമായി നടത്തുന്നതിന് നടപടികൾ നാഷണൽ ആയുഷ് മിഷൻ സ്വീകരിച്ചു വരുന്നുണ്ട്.

Section Officer